നികുതി വ്യവസ്ഥകൾ ലഘൂകരിക്കാൻ സ്വീകരിച്ച നടപടികൾ

* 9 [197] പ്രൊഫസർ എം. കെ. സാനു: ശ്രീ. വി. കേശവൻ:
,, ടി. കെ. അറുമുഖൻ:
,, സി. പി. ബാലൻ വൈദ്യർ:
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(ബി) നികുതി നിരക്കുകൾ ഏകീകരിക്കുന്നതിനും വ്യാപാരം കേരളത്തിനകത്തുതന്നെ നിലനിർത്തുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥമേനോൻ):

(എ) വിൽപ്പന നികുതി നിയമത്തിലെ പോരായ്മകൾ പരിഹരിച്ച് ലളിതമാക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിന് നിയമിതമായ ജസ്റ്റിസ് ജോർജ് വടക്കേൽ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെൻറ് ഘട്ടം ഘട്ടമായി നടപ്പിലാക്കി വരികയാണ്. ഇതിനു പുറമേ നികുതിഘടന പരിഷ്ക്കരിച്ച് ലഘൂകരിക്കുന്നതിനായി റവന്യൂ ബോർഡ് (നികുതി വിഭാഗം) മെമ്പർ ചെയർമാനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അഞ്ചു ലക്ഷം രൂപവരെ വാർഷിക വിറ്റുവരവുള്ള കച്ചവടക്കാരുടെ നികുതി തിട്ടപ്പെടുത്തൽ ലളിതമാക്കുന്ന രീതി അവലംബിച്ചിട്ടുണ്ട്.

കാർഷികാദായ നികുതി നിയമം പരിഷ്ക്കരിക്കുന്നതിന് നിയമിതമായ കാളീശ്വരൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും 27-3-1991-ൽ നിയമസഭ പാസ്സാക്കിയതുമായ കേരള കാർഷികാദായ നികുതി നിയമം 1-4-1991 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) നികുതിനിരക്കുകൾ ഏകീകരിക്കുന്നതിനും വ്യാപാരം കേരളത്തിനകത്തുതന്നെ നിലനിറുത്തുന്നതിനുമായി സംസ്ഥാനത്തിനകത്ത് വിൽക്കപ്പെടുന്ന അനേകം സാധനങ്ങളുടെ നികുതി നിരക്കുകൾ കുറയ്ക്കുകയും പല സാധനങ്ങളുടെ നികുതി നിരക്കുകൾ അയൽ സംസ്ഥാനങ്ങളുടേതിന് തുല്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരളത്തിനകത്ത് ഉൽപ്പാദിപ്പിച്ചു വിൽക്കുന്ന സാധനങ്ങൾക്ക് സംസ്ഥാനത്തിനകത്തെ മാർക്കറ്റിൽ പിടിച്ചുനിൽക്കുന്നതിനും അന്യ സംസ്ഥാനങ്ങളിലേയ്ക്ക് വ്യവസായം മാറ്റപ്പെടാതിരിക്കുന്നതിനുമായി ടി വ്യവസായയൂണിറ്റുകൾക്ക് പലതരത്തിലുള്ള ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ഈ നടപടികൾമൂലം പല സാധനങ്ങളുടേയും വ്യാപാരം കേരളത്തിൽ വർദ്ധിക്കുകയും തൻമൂലം വിൽപ്പന നികുതി വരുമാനത്തിൽ വർദ്ധനയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. കേശവൻ: വ്യവസായങ്ങളും നമ്മുടെ സംസ്ഥാനത്തുതന്നെ നിലനിറുത്തുന്നതിനുവേണ്ടി അയൽ സംസ്ഥാനങ്ങളിലെ നികുതിതോതി നോടൊപ്പം നമ്മുടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളിൻ മേലുള്ള നികുതി തുല്യപ്പെടുത്തിയെന്ന് പറഞ്ഞു. അത് മൊത്ത ത്തിലാണ് പറഞ്ഞിരിക്കുന്നത്. ഉദാഹരണമായി [പധാനപ്പെട്ട ഏതെല്ലാം വസ്തുക്കളിൻമേലാണ് ആ നികുതി തോത് മറ്റ് സംസ്ഥാന ങ്ങളുടേതിനു തുല്യപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

[ശ്രീ. വി. വിശ്വനാഥമേനോൻ: ഏതാണ്ട് 40-ഓളം ഐറ്റംസ് ഉണ്ട്. ആ 40-ഓളം ഐറ്റംസിന്റേതു കുറച്ചിട്ടുണ്ട്. ഉദാഹരണത്തിനു നമ്മൾ ഇപ്പോൾ ആദ്യമായിട്ട് ഇവിടെ കുറച്ചത് മോട്ടോർ കാറിന്റേയാണ്. മോട്ടോർ കാറിന്റെ ടാക്സ് മറ്റ് സംസ്ഥാനങ്ങളിലേതുമായി ബന്ധ പ്പെടുത്തി 4 ശതമാനമായി കുറച്ചതിനുശേഷം ആദ്യമായി മോട്ടോർ കാറിന്റെ കച്ചവടം കേരളത്തിൽ നടക്കാൻ തുടങ്ങി. അതുപോലെ ജീപ്പിന്റെ നികുതി കുറച്ചതിന്റെ പേരിൽ യാർഡ്വരെ കേരളത്തിൽ എറണാകുളത്ത് തുടങ്ങി. ഇപ്പോൾ അവിടെ കച്ചവടവും നടക്കുന്നുണ്ട്. അങ്ങനെ ഓരോ ഐറ്റവും എടുത്ത് പഠിക്കാനായിട്ടാണ് കമ്മിറ്റിയെ വച്ചിട്ടുള്ളത്. ആ കമ്മിറ്റി അത് നോക്കി പഠിച്ചിട്ട് ചെയ്യാം. അല്ലെങ്കിൽ ആളുകളുടെ ഇടയിൽ നിന്ന്. പരാതിവരും. അതൊക്കെക്കൂടി നോക്കിയിട്ടാണ് ചെയ്തു കൊണ്ടിരിക്കുന്നത്.

[ശ്രീ. വി. കേശവൻ: നികുതി ഘടന ലഘൂകരിക്കുന്നതോടൊപ്പംതന്നെ നികുതിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. [കൂഡ് ഓയിൽ, പുകയില, തുണി തുടങ്ങിയ ചില ചരക്കുകളിൻമേൽ [പവേശന നികുതി ചുമത്താനുള്ള നിർദ്ദേശം ഗവൺമെന്റിനുണ്ടായിരുന്നു. അത് [പാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

[ശ്രീ. വി. വിശ്വനാഥമേനോൻ: ആ [പവേശന നികുതിയുടെ ബിൽ ഇപ്പോഴും കേന്ദ്രത്തിൽ കിടക്കുകയാണ്. അവിടെ നിന്ന് സാംഗ്ഷൻ കിട്ടിയിട്ടില്ല അതുകൊണ്ട് അത് നടപ്പിലാക്കിയിട്ടില്ല.

[ശ്രീ. ടി. കെ. അബുമുഖൻ: നികുതിഘടന പരിഷ്ക്കരിച്ച് ലഘൂകരി ക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടെന്ന് പറഞ്ഞു. ആ കമ്മിറ്റിയിൽ എത്രപേരുണ്ട്? അതിന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് കിട്ടണമെന്ന് പറഞ്ഞിട്ടുണ്ടോ? ആ റിപ്പോർട്ട് കിട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

[ശ്രീ. വി. വിശ്വനാഥമേനോൻ: അങ്ങനെ പറഞ്ഞുകൊണ്ട് റിപ്പോർട്ട് തരാനല്ല അവരെ വച്ചിരിക്കുന്നത്. ഒരു 5 അംഗ കമ്മിറ്റിയാണത്. ഓരോ [പത്യേകമായുള്ള ഐറ്റങ്ങളെപ്പറ്റിയുള്ള റെപ്രസെന്റേഷൻ കിട്ടുമ്പോൾ അതെല്ലാം പഠിക്കാനും അതാത് സമയത്ത് റിപ്പോർട്ട് തരാനും വേണ്ടി യാണ്. ഞാൻ ഈ ബഡ്ജറ്റിൽ മൂന്ന് കൊല്ലമായിട്ട് കൊണ്ടുവന്ന കൺസെഷൻസ് എല്ലാം തന്നെയും ഈ കമ്മിറ്റിയുടെ [പോസസ്സിൽകൂടി അവരുടെ റെക്കമെന്റേഷൻസ് അനുസരിച്ചാണ് കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. സി. പി. ബാലൻ വൈദ്യർ: നമ്മുടെ സംസ്ഥാനത്ത് നികുതി കുറയ്ക്കുന്ന ഘട്ടത്തിൽ അയൽ സംസ്ഥാനങ്ങളിലും നികുതി കുറയ്ക്കുന്ന നടപടികളുണ്ട്. അതിന് പരിഹാരം കാണുന്നതിനുവേണ്ടി എൻട്രൻസ് ടാക്സ് ഏർപ്പെടുത്തുന്ന വിധത്തിലുള്ള കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: 3 ഐറ്റങ്ങൾക്ക് എൻട്രൻസ് ടാക്സ് ഉണ്ടാക്കാൻവേണ്ടി ശ്രമിച്ചതാണ്. അതാണ് ക്രൂഡ് ഓയിലിന്റെ കാര്യമൊക്കെ ഞാൻ പറഞ്ഞത്. അത് കേന്ദ്രത്തിൽ കിടക്കുകയാണ്. കേന്ദ്രത്തിൽ നിന്ന് അംഗീകാരം കിട്ടിയിട്ടില്ല.

ശ്രീ. സി. പി. ബാലൻ വൈദ്യർ: പഴയ മലബാർ പ്രദേശത്തോട് അടുത്തുകിടക്കുന്ന മാഹിയാണ് നമ്മുടെ സംസ്ഥാനത്തിലെ നികുതി വെട്ടിപ്പിന് ഏറ്റവും പ്രധാനമായി ഉപയോഗിക്കപ്പെടുന്ന ഒരു കേന്ദ്രം. മാഹിയിൽ പോയി വാങ്ങിക്കൊണ്ടുവരുന്ന സാധനങ്ങൾക്ക് പ്രത്യേക പരിശോധനയും അതുപോലുള്ള നടപടികളും എടുത്ത് ആ നികുതി വെട്ടിപ്പ് കുറയ്ക്കുന്നതിനുവേണ്ടി പ്രത്യേക സ്ക്വാഡുകളേയും മറ്റും ഏർപ്പെടുത്തി ഫലപ്രദമാക്കാനുള്ള ഒരു സംവിധാനം ഗവൺമെൻറ് ഉണ്ടാക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. മാഹിയിലാണ് ഇതിന്റെ ഒരു വലിയ കേന്ദ്രം. മാഹിയിൽ നിന്ന് ഇങ്ങോട്ട് കൊണ്ടുവരുന്ന സാധനങ്ങൾക്ക് പാസ് സിസ്റ്റം കൊണ്ടു വന്നിട്ടുണ്ട്. അപ്പോഴും ആ സിസ്റ്റം വച്ച് കൺട്രോൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. എന്നാലും ഇപ്പോഴും കുറേയൊക്കെ നടക്കുന്നുണ്ട്. ഇവിടെ നമ്മൾ 4 ശതമാനമായിട്ട് കുറച്ചാൽ അവിടെ അവർ 3 ശതമാനമായിട്ട് കുറയ്ക്കും. അങ്ങനെയൊരു സമ്പ്രദായം ആ രാജ്യത്ത് നടക്കുന്നുണ്ട്. അതൊരു വസ്തുതയാണ്. ആ വസ്തുത എങ്ങനെ കവർ ചെയ്യാമെന്നുള്ളതിനെക്കുറിച്ച് പലപ്പോഴും ചിന്തിക്കേണ്ടതായിട്ടുണ്ട്. സതേൺ സ്റ്റേറ്റ്സിന്റെ ടാക്സിന്റെ കാര്യത്തിലുള്ള യോഗം വിളിച്ച് കൂട്ടിയാൽ പോണ്ടിച്ചേരി മാത്രം പങ്കെടുക്കുകയില്ല. ഇതാണ് വസ്തുത. ഇത് കേരളത്തിന് മാത്രമല്ല ബാധകമായിട്ടുള്ളത്. മറ്റ് അയൽ സംസ്ഥാനങ്ങളായ തമിഴ്നാടിനും കർണ്ണാടകത്തിനുംകൂടി ഇത് ബാധകമാണ്. അവരെല്ലാം പങ്കെടുക്കും. ഞങ്ങളെല്ലാം കൂടി ഇരുന്ന് ചർച്ച ചെയ്യും. ചർച്ചചെയ്യുമ്പോൾ യഥാർത്ഥത്തിൽ പങ്കെടുക്കേണ്ട ആളുകൾ പങ്കെടുക്കുകയില്ല. ഇതാണ് വസ്തുത.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: കഴിഞ്ഞ 4 വർഷമായി കേരളസംസ്ഥാനത്തിൽ സെയിൽസ് ടാക്സ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് കണക്കുകൾ കാണുന്നത്. ഇതിന്റെ കണക്ക് ഒന്ന് പറയാൻ കഴിയുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: എല്ലാക്കൊല്ലത്തേയും കണക്കുകൾ പറയാൻ സാധിക്കുകയില്ല. ഏതായാലും കഴിഞ്ഞ സാമ്പത്തികവർഷത്തിന്റേത് ഇപ്പോഴാണല്ലോ കഴിഞ്ഞത്. അതിന്റെ ഫിഗർ എന്റെ കയ്യിലുണ്ട്. ഇതുവരെ കിട്ടിയ കണക്കനുസരിച്ച് 896.11 കോടി ഉറുപ്പിക കളക്ട് ചെയ്തു കഴിഞ്ഞിട്ടുണ്ട്. പി. ഡബ്ലിയു. ഡി.-യുടേയും ഫോറസ്റ്റിന്റേയും കയ്യിൽ നിന്ന് കിട്ടാനുള്ള ട്രാൻസ്ഫേഡ് എമൗണ്ട് കിട്ടിയാൽ—എങ്ങനെയായാലും ടാർഗറ്റ് വച്ചിരുന്നത് 900-നു മുകളിൽ പോകുമെന്നാണ് എനിക്ക് ഇപ്പോൾ കിട്ടിയിരിക്കുന്ന കണക്കനുസരിച്ച് പറയാൻ സാധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സ്വർണ്ണ കച്ചവടക്കാരും ഗവൺമെന്റും തമ്മിൽ ടാക്സിനെ സംബന്ധിച്ച് തർക്കമുണ്ടായിരുന്നു. അത് പൂർണ്ണമായി പരിഹരിച്ചോ? ഇല്ലെങ്കിൽ എന്തു കൊണ്ടാണ്?

ശ്രീ. വി. വിശ്വനാഥമേനോൻ: അത് പൂർണ്ണമായിട്ട് പരിഹരിക്കാൻ സാധിക്കുകയില്ല. കാരണമെന്താണെന്നുവച്ചാൽ അവരിൽനിന്ന് ടാക്സ് പിരിക്കുന്നില്ല. അതാണ് സത്യം. നമ്മുടെ ആളുകൾ പോയി ആഭരണങ്ങൾ വാങ്ങുമ്പോൾ ടാക്സ് വേണമോയെന്ന് ചോദിച്ചാൽ ടാക്സ് വേണ്ടെന്നുള്ള നിലയ്ക്കാണ് അവർ പറയുന്നത്. അതുകൊണ്ട് അവർ ബിൽ കൊടുക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ആ തർക്കം നിലനിൽക്കുന്നു. ഇപ്പോഴും തൂക്കത്തിന്റെ പേരിൽ അവരുടെ കയ്യിൽ നിന്ന് ഞങ്ങൾ ടാക്സ് ഈടാക്കുന്നു. അതാണ് വസ്തുത.

ശ്രീമതി നബീസാ ഉമ്മാൾ: ആഭരണങ്ങൾ വാങ്ങുമ്പോൾ ബിൽ തരുന്നുണ്ട്. ആ ബിൽ തരുന്ന തുകയ്ക്ക് ഈടാക്കുന്നതിന്റെ ഒരു ഭാഗം നമ്മുടെ ഗവൺമെന്റിനു കിട്ടാനുള്ള സംവിധാനമുണ്ടാക്കുമോ? ഞങ്ങളൊക്കെ ബിൽ ചോദിച്ചു വാങ്ങുന്നവരാണ്.

ശ്രീ. വി. വിശ്വനാഥമേനോൻ: അവർ തീരെ ടാക്സ് തരുന്നില്ലെന്ന് ഞാൻ പറഞ്ഞില്ല. അവരുടെ ആർഗുമെന്റ് ഇതാണ്. എന്നിട്ട് അവർ ഒരു മൊത്തക്കണക്ക് പറഞ്ഞ് ടാക്സ് തരുകയാണ്. ആ ടാക്സ് പിരിഞ്ഞതല്ല, ഞങ്ങളുടെ കയ്യിൽ നിന്നെടുത്ത് തരുന്നു എന്നുള്ള നിലപാടാണ് അവർ എടുക്കുന്നത്. പക്ഷേ, അവരുടെ തൂക്കത്തിലെ വ്യത്യാസത്തിനെ നമ്മൾ ചെക്ക് ചെയ്യുകയും തൂക്കത്തിൽ വ്യത്യാസമുണ്ടെങ്കിൽ അതിന്റെ ആറിരട്ടി ഈടാക്കാനുള്ള കേരള ഹൈക്കോടതി ജഡ്ജ്മെന്റ് ഉപയോഗിച്ചുകൊണ്ട് കൂടെ ടാക്സ് അവരുടെ കയ്യിൽ നിന്ന് ഈടാക്കുന്നുമുണ്ട്.

ശ്രീ. കെ. എം. മാണി: സെയിൽസ് ടാക്സ് വരുമാനത്തിൽ വർദ്ധനവുണ്ടായോയെന്ന് ചോദിച്ചപ്പോൾ ടാർജറ് പൂർത്തിയാകുമെന്ന് പറഞ്ഞു. രൂപ കൂടുതൽ കിട്ടുമെങ്കിലും മുൻകാലഘട്ടത്തിലേക്കാൾ വളർച്ചാനിരക്കിൽ വർദ്ധനവുണ്ടായിട്ടുണ്ടോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ഇപ്പോൾ കിട്ടിയ കണക്കനുസരിച്ച് പറയാറായിട്ടില്ല. കൂടിയിട്ടുണ്ടാകുമെന്നാണ് എന്റെ വിശ്വാസം.

ശ്രീ. കെ. ജെ. തോമസ്: തേയില എസ്റ്റേറ്റർ ഉടമകൾ കയറ്റുമതി ചെയ്യുന്ന തേയിലയ്ക്ക് നമ്മുടെ സംസ്ഥാന ഗവൺമെന്റ് വില്പന നികുതി ഈടാക്കുന്നില്ല. അത് കയറ്റുമതിക്ക് നൽകുന്ന ഒരു ആനുകൂല്യമാണ്. എന്നാൽ ചെറുകിട കൃഷിക്കാരിൽനിന്ന് പച്ചക്കൊളുന്ത് എടുത്ത് അത് വറുത്ത് അവർ കയറ്റുമതിചെയ്യുമ്പോൾ അതിന് സെയിൽസ് ടാക്സ് ഈടാക്കാൻ പലർക്കും നോട്ടീസ് അയച്ചിട്ടുണ്ട്. ചുരുക്കം തേയില ഫാക്ടറിക്കാരേ അങ്ങനെ ചെയ്യുന്നുള്ളൂ. അതുകൊണ്ട് വൻകിടക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ ചെറുകിടക്കാർക്കുകൂടി കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: അത് പരാതി എന്താണെന്ന് കിട്ടിയാൽ നമുക്ക് പരിശോധിക്കാം. അല്ലാതെ ഇപ്പോൾ എനിക്ക് പെട്ടെന്ന് പറയാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ദിനകരൻ: ഈ ഗവൺമെൻറ് വന്നതിനുശേഷം ടാക്സ് പിരിക്കുന്ന കാര്യത്തിൽ വളരെ കാര്യക്ഷമത കാണിച്ചു എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. സെയിൽസ് ടാക്സ് ഇനത്തിൽ 246.32 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 37.80 കോടി രൂപയും പിരിഞ്ഞു കിട്ടാനുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ തന്ന കണക്കാണ്. ഇതിൽ എത്ര കോടിരൂപയ്ക്ക് ഗവൺമെൻറ് സ്റേറ കൊടുത്തിട്ടുണ്ട്; ഇത് പിരിച്ചെടുക്കാതിരിക്കാനുള്ള കാരണമെന്താണ് എന്നു വ്യക്തമാക്കാമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: ഇതിന്റെ വിശദമായ കണക്ക് പറയാൻ ബുദ്ധിമുട്ടുണ്ട്. ചിലത് എഴുതിത്തള്ളുന്ന സ്റേറജിലായിട്ട് കിടക്കുകയാണ്. കിട്ടുകയില്ലെന്നുള്ള തരത്തിലുള്ള ചില എമൗണ്ടും ഉണ്ട്. പിന്നെ നമ്മുടെ പബ്ലിക്ക് സെക്ടറിൽനിന്ന് ടാക്സിന്റെ കാര്യത്തിൽ കുറേ കാശ് കിട്ടാനുണ്ട്. അതെല്ലാം തന്നെയും ഇപ്പോൾ പെട്ടെന്ന് പിരിച്ചു കഴിഞ്ഞാൽ പിന്നെ പബ്ലിക്ക് സെക്ടറിൽ അടയ്ക്കേണ്ടതിലേക്ക് പോകും. അതുകൊണ്ട് അതൊന്നും ഞങ്ങൾ ചെയ്തിട്ടില്ല. ഇവിടെ സ്റേറ കൊടുക്കുന്ന രീതിയിലൊന്നും ഉണ്ടായിട്ടില്ല. പക്ഷേ, പെട്ടെന്ന് കിട്ടാൻവേണ്ടി ചില കേസ്സുകളിലൊക്കെ തന്നെ തവണകൾ കൊടുക്കാറുണ്ട്. അത് ട്രൈബ്യൂണൽ കൊടുക്കാറുണ്ട്, ഗവൺമെൻറ് കൊടുക്കാറുണ്ട്, ഹൈക്കോടതിയും കൊടുക്കാറുണ്ട്.

ശ്രീ. മാത്യു ററി. തോമസ്: 1990-91 സാമ്പത്തിക വർഷത്തെ ബഡ്ജറ് അവതരിപ്പിക്കുമ്പോൾ ചില പ്രത്യേക സാമഗ്രികളുടെ വിലപന നികുതി ഗവൺമെൻറ് കുറയ്ക്കുകയുണ്ടായി. ആ മേഖലയിലെ ബിസിനസ് വർദ്ധിപ്പിച്ച് വിലപന നികുതിയിലൂടെ വരുമാനം വർദ്ധിപ്പിക്കാമെന്നാണ് ഗവൺമെൻറ് കണക്ക് കൂട്ടിയിരുന്നത്. ഇതിന്റെ റിസൾട്ട് വിലയിരുത്തിയിട്ടുണ്ടോ? വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. വിശ്വനാഥമേനോൻ: വിലയിരുത്തിയിട്ടുണ്ട്. അതിന് ഞാൻ ഒരു ഉദാഹരണം മാത്രമേ പറഞ്ഞിട്ടുള്ളൂ. അങ്ങനെ വിലയിരുത്തിയപ്പോൾ ആ ടാക്സ് കുറയ്ക്കുന്നതുകൊണ്ട് നമ്മൾ ഉദ്ദേശിച്ച ഫലം കിട്ടുന്നുണ്ടെന്നാണ് കാണുന്നത്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

ലോകബാങ്കിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുള്ള ശുദ്ധജലവിതരണ പദ്ധതികൾ

1 [2124] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, വി. കെ. രാജൻ:
ഡോ. എ. വി. ഐസക്ക്:
ശ്രീ. എൻ. ശിവൻപിള്ള:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരളം കേന്ദ്രത്തിന് സമർപ്പിച്ച ശുദ്ധജലവിതരണ പദ്ധതികളിൽ എത്രയെണ്ണം ലോകബാങ്കിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly